ജൂലൈ 2024

ബാറെക്മോർ, പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി. ആമേൻ.

കർത്താവിൽ പ്രിയ സഹോദരിമാർക്ക്,

എന്റെ പ്രിയ ഭർത്താവ്, നമ്മുടെ പ്രിയപ്പെട്ട മെത്രാപ്പൊലീത്ത കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടിട്ട് ഇപ്പോൾ രണ്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ഞങ്ങളുടെ കുടുംബത്തിനും തിരുമേനിമാർക്കും, നമ്മുടെ മുഴുവൻ സഭയ്ക്കും ഇത് വളരെ അപ്രതീക്ഷിത സംഭവമായിരുന്നു. പ്രിയ പിതാവിന്റെ വേർപാടിന്റെ ദുഃഖത്തിലും കബറടക്ക ശുശ്രൂഷകളിലും നാമെല്ലാവരും സാക്ഷികളാവുകയും, പ്രിയ പിതാവിന്റെ ജീവിതവും, ദീർഘകാല വിശ്വസ്ത സേവനവും അനേകരെ ക്രിസ്തുവിലേക്ക് നയിച്ചതും, ദരിദ്രരെ സഹായിച്ചതും, പരിശുദ്ധ സഭയെ നയിച്ചതുമെല്ലാം ഓർക്കുവാനുമിടയായി.

തത്സമയ സംപ്രേഷണങ്ങളിലെ ചില ഭാഗങ്ങളിലെങ്കിലും നിങ്ങൾ പങ്കുകൊള്ളുകയോ, കാണുകയോ ചെയ്തിട്ടുണ്ടെന്ന് എനിക്കുറപ്പുണ്ട്. വലുതും ചെറുതുമായ പല മേഖലകളിൽ നിന്നായി അനേകർ മെത്രാപ്പൊലീത്തയ്ക്ക് വിട പറയാൻ വന്നുകൂടിയതായ ആ കാഴ്ച അത്ഭുതകരമായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിറഞ്ഞുള്ള പിതാവിന്റെ സുവിശേഷീകരണ രീതി അവരെ അത്രമേൽ സ്പർശിച്ചിട്ടുണ്ട്. ഈ സമയം ആ വലിയ സ്ക്രീനിൽ ഞങ്ങളുടെ കുടുംബത്തെയും നിങ്ങൾ കണ്ടുകാണുമെന്ന് ഞാൻ കരുതുന്നു. അത് അത്ര സുലഭമല്ല, എങ്കിലും ദുഃഖകരമായ ആ സന്ദർഭത്തിൽ പരസ്യമായി കാണപ്പെടാൻ ദൈവം ഞങ്ങൾക്കും കൃപ നൽകി. തുടർന്ന് ഞങ്ങളെ മുൻപോട്ട് നയിക്കാൻ ഇടയാക്കിയ നിങ്ങളുടെ പ്രാർത്ഥനാ സഹായങ്ങൾക്ക് വളരെ നന്ദിയുണ്ട്.

നാല്പതു ദിവസത്തെ ദുഃഖാചരണം കഴിയുന്നതുവരെയും ഞങ്ങളുടെ മകൾ സാറായോടും കുടുംബത്തോടുമൊപ്പം താമസിച്ചു. ഞാൻ എന്റെ ഭവനത്തിൽ മടങ്ങി വരുന്നതിനുമുമ്പായി നമ്മുടെ പുതിയ മെത്രാപ്പൊലീത്തയുടെ സ്ഥാനാരോഹണവും നടക്കുകയുണ്ടായി. എന്റെ ഭർത്താവിന്റെ വേർപാടിനുശേഷം കുടുംബത്തിൽ ഞാൻ ശ്രദ്ധിക്കേണ്ടതായ അനേകം കാര്യങ്ങളുണ്ടായിരുന്നു. എന്നെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത എന്റെ കുടുംബത്തോട് ഞാൻ നന്ദിയുള്ളവളാണ്.

ഞാൻ വീട്ടിൽ വന്നതിനുശേഷം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഇടവകകളിലെ എല്ലാ സഹോദരിമാരെക്കുറിച്ചും ഞാൻ ചിന്തിച്ചു. എന്റെ ഭർത്താവിന്റെ വേർപാടിനുശേഷം ഞാൻ ക്ഷേമമായിരിക്കുന്നുവോയെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ട് എന്ന് ഞാൻ കരുതുന്നു.

പ്രിയ സഹോദരീ, ഈ വിഷമഘട്ടത്തിലും എപ്രകാരം ഞാൻ എന്റെ ജോലികൾ ചെയ്യുന്നുവെന്നും അതിന് ദൈവം എനിക്ക് നൽകിയ കൃപയെക്കുറിച്ചും നിങ്ങളെ അറിയിക്കുവാനാണ് ഞാൻ ഈ കത്ത് എഴുതുന്നത്. നശ്വരമായ ഈ ലോകത്തിൽ ജീവിക്കുമ്പോൾ, പ്രതിസന്ധികളും, ചില നഷ്ടങ്ങളും നമ്മുടെയെല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കാം. ഒരുപക്ഷെ, ഇന്ന് ഞാൻ എഴുതുന്നത് പിന്നത്തേതിൽ എന്നെങ്കിലും നിങ്ങൾക്ക് പ്രയോജനപ്പെടുക തന്നെ ചെയ്യും.

ഞങ്ങളുടെ കൊച്ചുമക്കൾ ഉൾപ്പെടെ കുടുംബത്തിലെ എല്ലാവർക്കും മെത്രാപ്പൊലീത്തയുടെ വേർപാട് വലിയ നഷ്ടം തന്നെയാണ്. അധികം യാത്രകൾ ചെയ്യുമായിരുന്നെങ്കിലും എപ്പോഴും വീട്ടിലും വരുമായിരുന്നു. ഇനിയൊരു കൂടിക്കാഴ്ചയ്ക്കായി നിത്യതയിൽ എത്തുംവരെയും കാത്തിരിക്കേണ്ടിയിരിക്കുന്നു. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് അൻപത് വർഷമായി. കർത്തൃശുശ്രൂഷയിൽ ഇനി മുൻപോട്ടുള്ള നാളുകളിൽ ഒരുമിച്ചായിരിക്കാമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതിന് വിപരീതമായി പെട്ടെന്നുള്ള അപകടവും മരണവും ഞങ്ങൾക്ക് അവസാനമായൊന്ന് സംസാരിക്കാനോ യാത്ര പറയാനോപോലും അനുവദിച്ചില്ല.

എനിക്ക് മനസ്സിലാകാത്ത അനേകം കാര്യങ്ങളും ചോദ്യങ്ങളുമുണ്ട്. എന്നാൽ അതിനൊക്കെയും ഉത്തരം ലഭിക്കണമെങ്കിൽ നിത്യതയിലെത്തുംവരെയും കാത്തിരിക്കേണ്ടതുണ്ട്. അതുവരെയും സർവ്വശക്തനായ കർത്താവിൽ ആശ്രയിക്കുവാൻ ഞാൻ തീരുമാനമെടുത്തു. കാരണം, വചനം പറയുന്നു, അവൻ നല്ലവനാണ്, സ്നേഹവാനാണ്, അവനിൽ യാതൊരു തെറ്റും സംഭവിക്കുകയില്ലായെന്ന്.

എന്റെ കണ്ണുനീര്, എനിക്കുണ്ടായ നഷ്ടം, ഞാൻ അനുഭവിക്കുന്ന ദുഃഖം ഇതൊക്കെയും കർത്താവായ യേശു ശ്രദ്ധിക്കുന്നുണ്ടോ? അതെ ശ്രദ്ധിക്കുന്നുണ്ട് എന്ന് ദൈവവചനം എനിക്ക് ഉറപ്പു നൽകുന്നു. കാരണം, ഇന്ന് ഞാനനുഭവിക്കുന്നതെല്ലാം അവൻ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അനുഭവിച്ചറിഞ്ഞതാണ്. അതിനപ്പുറമായി എന്റെ എല്ലാ സങ്കടങ്ങളും വേദനകളും കുരിശിൽ അവൻ വഹിച്ചു. ഞാൻ അനുഭവിക്കുന്ന ഏകാന്തതയും എന്റെ ഭാവിയെക്കുറിച്ച് ഞാൻ വ്യാകുലപ്പെടുന്നതും അവൻ മനസ്സിലാക്കുന്നു.

ഞാൻ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുഃഖത്തിൽ നിന്നും എപ്പോഴായിരിക്കും എനിക്ക് ഇതിനെ അതിജീവിച്ച് പുറത്തുവരാൻ സാധിക്കുന്നത്? നമുക്കുണ്ടായ ഒരു നഷ്ടത്തിനുശേഷം നമ്മുടെ മനസ്സ് അതിന്റെ എല്ലാ വികാരങ്ങളെയും അനുഭവിച്ച് സുഖം പ്രാപിക്കും വിധമാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. അനവധി പരീക്ഷണങ്ങളിലൂടെ കടന്നുപോയ ദാവീദ് സങ്കീർത്തനം 23-ന്റെ 3-ൽ ഇപ്രകാരം പറയുന്നു, "എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു." ഈ ദിവസങ്ങളിൽ സങ്കീർത്തനങ്ങൾ 23-ഉം മറ്റ് രണ്ട് സങ്കീർത്തന ഭാഗങ്ങളും കൂടെ വായിക്കു

കയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എനിക്കും ദൈവത്തിൽ വിശ്വസിക്കുന്ന ഏവർക്കും ഈ വാഗ്ദത്തം നിവർത്തിപ്പാൻ അവൻ ശക്തനാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

ഓരോ ദിവസവും ഞാൻ കർത്താവിൽ ആശ്രയിക്കുന്നു. ഇപ്പോൾ എനിക്ക് അത് മാത്രമേ സാധിക്കൂ. അല്ലാത്തപക്ഷം ഞാൻ അമിത ദുഃഖത്തിന് അടിമയായിത്തീരും. അനുദിനവും കൂടെയിരുന്ന് എന്നെ ശക്തീകരിപ്പാൻ അവൻ ശക്തനാണ്. ഓരോ ദിവസവും ഞാൻ ചെയ്യേണ്ടതായ ജോലികളുടെ ലിസ്റ്റ് മുൻപത്തേതിനെക്കാളും കുറവാണ്. ബാക്കി സമയങ്ങളിൽ വിശ്രമിക്കുകയും കൊച്ചുമക്കളോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്യുന്നു.

വചനത്തിൽ ആശ്രയിച്ച് അതിൽ പൂർണ്ണമായി വിശ്വാസമർപ്പിക്കുന്നതാണ് എന്നെ ഏറ്റവുമധികം സഹായിക്കുന്നത്. എന്റെ ജീവിതത്തിലെ വെല്ലുവിളികൾ നിറഞ്ഞ സമയങ്ങളിലും, ശുശ്രൂഷയിൽ ഞങ്ങൾ അഭിമുഖീകരിച്ച പ്രതിസന്ധി ഘട്ടങ്ങളിലും ഇത് എനിക്ക് പരിശീലിക്കേണ്ടതായി വന്നിട്ടുണ്ട്. പ്രിയ സഹോദരീ, നിങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധി ഘട്ടങ്ങൾ അഭിമുഖീകരിക്കുന്നതിന് മുൻപു തന്നെ അത് പഠിച്ചിരിക്കേണ്ടതാണെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. എബ്രായർക്ക് എഴുതിയ ലേഖനം 13-ാം അധ്യായം 5-ാം വാക്യം, "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല." ഞാൻ കൂടുതലായി വിശ്വാസമർപ്പിക്കുന്ന ഒരു ദൈവീക വാഗ്ദാനമാണിത്. ഭാവിയിൽ എനിക്ക് എന്ത് സംഭവിക്കും എന്ന ഭയത്തെ ഇത് ഇല്ലാതെയാക്കുന്നു.

ദൈവത്തിന് എന്നോടുള്ള സ്നേഹവും കരുതലും എപ്രകാരമാണെന്ന് ഞാൻ നിങ്ങളോട് പറയട്ടെ, എന്റെ ഭർത്താവ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടനാൾ മുതൽ ഇന്നുവരെയും സർവ്വശക്തനായ ദൈവം തന്റെ സമാധാനത്താൽ നിറച്ച് എന്നെ കാത്തുപരിപാലിക്കുന്നു. ഞാൻ കരഞ്ഞുവെങ്കിലും ഈ സമാധാനം രാത്രിയിൽ ഭയമില്ലാതെ ഉറങ്ങുവാൻ എന്നെ സഹായിക്കുന്നു. ദൈവത്തിന്റെ കരുണയും കൃപയും എന്നോട് കൂടെയുണ്ട് എന്നുള്ളതിൽ എനിക്ക് നല്ല ബോധ്യമുണ്ട്.

എന്റെ ഭർത്താവ് ദൈവവിളിയിൽ വിശ്വസ്തനായി, നശിച്ചുപോകുന്ന ആത്മാക്കളെ വീണ്ടെടുക്കാനുള്ള ദർശനം കാത്തുസൂക്ഷിച്ച്, ഈ ലോകജീവിതത്തിൽ അവസാനം വരെയും കർത്താവിനെ സേവിക്കുവാൻ സഹായിച്ചതിൽ ഞാൻ ദൈവത്തോട് നന്ദിയുള്ളവളാണ്. ഇപ്പോൾ അദ്ദേഹത്തെ നമുക്ക് കാണാൻ സാധിക്കുകയാണെങ്കിൽ തന്റെ ദീർഘവർഷത്തെ കഠിനാദ്ധ്വാനവും വിദൂരയാത്രകളും, പ്രതിസന്ധികളും, പരീക്ഷണങ്ങളുമെല്ലാം ദൈവസന്നിധിയിൽ എത്രയോ വിലമതിക്കുന്നതാണെന്ന് നമ്മോട് പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എബ്രായർ 12:1-ൽ പറയുന്നതുപോലെ, നമുക്ക് ചുറ്റുമുള്ള സാക്ഷികളുടെ വലിയ സമൂഹത്തെക്കുറിച്ച് മെത്രാപ്പൊലീത്ത പലപ്പോഴും പറയുമായിരുന്നു. സഭയായി, നമ്മൾ പ്രിയ പിതാവിന്റെ മാതൃക പിൻതുടർന്നുകൊണ്ട് നമുക്കായി അവശേഷിപ്പിച്ചിരിക്കുന്ന ദർശനവും ലക്ഷ്യവും പൂർത്തീകരിക്കുന്നത്, ആ സാക്ഷികളുടെ സമൂഹത്തോടൊപ്പം വീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

പ്രിയ സഹോദരീ, സുവിശേഷം എത്തപ്പെടാത്ത ഇടങ്ങളിൽ സുവിശേഷം എത്തിക്കുവാൻ നാം തീരുമാനിക്കുകയും, നമ്മെ സമർപ്പിക്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ ദൈവമായ കർത്താവിനും, നമ്മുടെ ആത്മീയ പിതാവിനും അത് ഏറ്റവും ബഹുമാനവും സന്തോഷവും നൽകുന്നതായിരിക്കും.

നമ്മുടെ മെത്രാപ്പൊലീത്ത തിയോഫിലോസ് തിരുമേനിക്കും മറ്റ് തിരുമേനിമാർക്കും, നേതൃത്വസ്ഥാനത്തുള്ള മറ്റെല്ലാവർക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. ദൈവീകജ്ഞാനത്താൽ നിറച്ച് നമ്മുടെ സഭയെ മുന്നോട്ട് നയിക്കേണ്ടതിനായി ആത്മാർത്ഥമായി അവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സഹോദരിമാരാകുന്ന നമ്മൾ ഓരോരുത്തരും അവർക്ക് അനുഗ്രഹവും പ്രോത്സാഹനവുമായിരിക്കാൻ ശ്രമിക്കാം.

നമുക്ക് പ്രത്യാശയോടെ ജീവിക്കാം. പ്രിയ സഹോദരീ, ഈ കത്തിൽ കഴിഞ്ഞ രണ്ടുമാസത്തെ എന്റെ ജീവിതാനുഭവങ്ങൾ ഞാൻ പങ്കുവെച്ചിരിക്കുന്നു. പുനരുത്ഥാന ദിവസത്തിൽ നമുക്കു വിലാപങ്ങളെല്ലാം സന്തോഷമായി മാറും. മെത്രാപ്പൊലീത്തയോടും നമുക്ക് മുൻപേ വാങ്ങിപ്പോയവരോടുമൊപ്പം നാമും ഒരുമിക്കും. ഈ ഒത്തുചേരൽ നമ്മുടെ രക്ഷകന്റെ സാന്നിദ്ധ്യത്തിൽ എന്നന്നേക്കുമുള്ളതായിരിക്കും.

ഞാൻ നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടെന്ന് ദയവായി നിങ്ങൾ അറിഞ്ഞിരിക്കുക.

ക്രിസ്തുവിൽ സ്നേഹത്തോടെ,

ഗിസില യോഹന്നാൻ